

കുടുംബശ്രീ
**വിശേഷങ്ങൾ**

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

**കുടുംബശ്രീയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതെല്ലാം ഈ പംക്തിയിലുണ്ട്. ഇക്കാര്യം കുടുംബശ്രീ അംഗങ്ങളായ ബന്ധുമിത്രാദികളോട് ഇന്നുതന്നെ പറയുക**

# 4000 കിലോ പച്ചക്കറിയുമായി കുടുംബശ്രീ ഓണച്ചന്തകൾ



കാർഷിക മേഖലയിൽ കഴിഞ്ഞ ഒന്നര ദശാബ്ദമായി വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കുടുംബശ്രീക്കു സാധിച്ചിട്ടുണ്ട്. സ്ത്രീ കൂട്ടായ്മയിലൂടെ തങ്ങൾക്കാവശ്യമായ ഭക്ഷണം ഒരുക്കാൻ ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം 65,000 സംഘകൃഷി ഗ്രൂപ്പുകളായി 51,112 ഹെ.ഭൂമിയിൽ കൃഷിചെയ്തിരുന്നു. നിലവിൽ നാലു മേഖലകളിലായി കുടുംബശ്രീ അംഗങ്ങൾ കൃഷി ചെയ്തുവരുന്നു. 3213 ഹെക്ടറിൽ പച്ചക്കറിയും 310 ഹെക്ടറിൽ കിഴങ്ങുവർഗങ്ങളും 2000 ഹെക്ടറിൽ വാഴയും 8465 ഹെക്ടറിൽ നെല്ലും കൃഷിചെയ്തു വരുന്നു. നിലവിൽ വയനാടു ജില്ലയിലാണ് ഏറ്റവും ലോക്കൽ കൃഷി നടന്നുവരുന്നത്.

കുടുംബശ്രീ വഴി ഉൽപാദിപ്പിക്കുന്ന പച്ചക്കറികളുടെ പ്രധാന വിപണി കുടുംബശ്രീ ഓണച്ചന്തകളാണ്. കഴിഞ്ഞ ഓണക്കാലത്ത് 31 കോടിയുടെ വിറ്റുവരവ് കുടുംബശ്രീക്കു നേടാൻ സാധിച്ചു. ഇതിൽ 12 കോടി കാർഷികമേഖല ഉൽപന്നങ്ങളിൽനിന്നു ലഭിച്ചിട്ടുണ്ട്. ഈ ഓണക്കാലത്തു കഴിഞ്ഞ വർഷത്തേക്കാൾ വിപുലമായും കാര്യക്ഷമമായും ഓണച്ചന്തകൾ സംഘടിപ്പിക്കുന്നതാണ്. കൂടാതെ ഈ ഓണക്കാലത്തു കേരളത്തിലെ കുടുംബങ്ങൾക്കു വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ഊർജിതമായി പ്രവർത്തിക്കുന്നുണ്ട്.

### 30,000 ഗ്രൂപ്പുകൾ

ജീവ പദ്ധതിയുടെ കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ വിലയിരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം എല്ലാ സംഘകൃഷി ഗ്രൂപ്പുകളെയും വിലയിരുത്തിയിട്ടുണ്ട്. നിലവിൽ 60,000 സംഘകൃഷി ഗ്രൂപ്പുകളാണ് ഉള്ളത്. ഇതിൽ 30,000 സംഘങ്ങൾ ഓണക്കൃഷി ചെയ്യുന്നുണ്ട്. ഈ ഗ്രൂപ്പുകൾ 3213 ഹെക്ടറിൽ പച്ചക്കറിയും 3100 ഹെക്ടറിൽ കിഴങ്ങുവർഗങ്ങളും 2000 ഹെക്ടറിൽ വാഴയും 8465 ഹെക്ടറിൽ നെല്ലും കൃഷി ചെയ്യുന്നു. ഇതിൽ പ്രധാനമായും 76 ടൺ വെണ്ടയും 173 ടൺ പയറും 87 ടൺ കത്തിരിക്കയും 106 ടൺ കിഴങ്ങുവർഗങ്ങളും 3544 ടൺ വാഴക്കുല 60 ടൺ ഇല പച്ചക്കറികളും കുടുംബശ്രീ മുഖാന്തരം കൃഷി ചെയ്യുന്നു. ഇവയെല്ലാം ഓണവിപണിയിലേക്ക് എത്തിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**ഈ വർഷം ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 2 വരെ കുടുംബശ്രീ ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു.**

### 1800 പ്രീ–ഓണം മാർക്കറ്റുകൾ

30,000 സംഘകൃഷി ഗ്രൂപ്പുകൾ ഉൽപാദിപ്പിക്കുന്ന 4000 ടൺ പച്ചക്കറികൾ എല്ലാ പഞ്ചായത്തിലും എത്തിക്കുന്നതിനായി കുടുംബശ്രീ പ്രീ-ഓണം മാർക്കറ്റുകളും ഓണച്ചന്തകളും സംഘടിപ്പിക്കുന്നുണ്ട്. സംഘകൃഷി ഗ്രൂപ്പുകൾ ഉൽപാദിപ്പിച്ച പച്ചക്കറികളുടെ വിപണനം ഉറപ്പുവരുത്തുന്നതിനും ഗ്രൂപ്പുകൾക്കു മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനുമായി ഓഗസ്റ്റ് ഒന്നു മുതൽ 31 വരെ എല്ലാ ബ്ലോക്കുകളിലും കുടുംബശ്രീ പ്രീ ഓണച്ചന്തകൾ സംഘടിപ്പിച്ചിട്ടുണ്ട്. ചന്തകളുടെ നടത്തിപ്പുചുമതല അതതു ബ്ലോക്കിലെ ജീവ ടീമിനായിരിക്കും.

### 1000 ഓണവിപണികൾ

കേരളത്തിലെ പഞ്ചായത്തുകളിൽ എല്ലാ വർഷവും കുടുംബശ്രീ ഓണച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. ഈ വിപണിയിലൂടെ കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുവാനും സംരംഭകർക്കു മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കാനും കഴിയുന്നു. ഓണക്കാലത്തു പച്ചക്കറി വിപണനം പ്രധാനമായും ഈ ചന്തകളിലൂടെയാണ്. ഈ വർഷം ഓഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 2 വരെയാണു കുടുംബശ്രീ ഓണച്ചന്തകൾ സംഘടിപ്പിക്കുന്നത്. ഇതിലൂടെ കർഷകനു മികച്ച വിപണി ഒരുക്കാൻ സാധിക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്കു വിഷരഹിത പച്ചക്കറികൾ ലഭ്യമാക്കുവാൻ സാധിക്കും. കുടുംബശ്രീ സംരംഭകർക്കും കർഷകർക്കും വിപണി സാധ്യതകൾ മനസ്സിലാക്കുന്നതിനൊപ്പം ഇവർക്ക് ഉൽപന്നങ്ങൾ മാർക്കറ്റ് ചെയ്യുന്നതിനുള്ള പരിചയസമ്പത്തും ഈ ചന്തകളിലൂടെ ലഭ്യമാക്കുന്നു. മികച്ച രീതിയിലുള്ള ഓണച്ചന്തകളാണ് ഈ വർഷം കുടുംബശ്രീ ഒരുക്കിയിരിക്കുന്നത്.

ഈ വർഷം കുടുംബശ്രീ web monitoring-ലൂടെ ഈ ഓണച്ചന്തകളുടെ പ്രവർത്തനം വിലയിരുത്തുന്നതാണ്. കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിൽനിന്നും ഓണച്ചന്തകൾ എവിടെയെല്ലാം സംഘടിപ്പിക്കുന്നുണ്ടെന്നും പച്ചക്കറികളുടെ വിറ്റുവരവിനെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ലഭിക്കുന്നതാണ്. ഈ വെബ് മോണിറ്ററിങ് സംവിധാനം ഈ ഓണക്കാലത്ത് ആണു കുടുംബശ്രീ ആദ്യമായി നടപ്പാക്കുന്നത്. ഈ പ്രവർത്തനങ്ങളിലൂടെയും ചന്തകളിലൂടെയും കുടുംബശ്രീ ഓണത്തെ വരവേൽക്കാൻ ഒരുങ്ങിക്കഴിഞ്ഞു.